

WEDNESDAY 28.11.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)29/11/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, മഞ്ചേരി, മങ്കട, മലപ്പുറം എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. സർവ്വ മേഖലകളിലുമുള്ള സുസ്ഥിരമായ വികസനമാണ് ഈ സർക്കാറിന്റെ ലക്ഷ്യം എന്ന് മൃഗസം രക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി. തേഞ്ഞിപ്പാലം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വച്ച് നടന്ന വള്ളിക്കുന്ന് നിയോജകമണ്ഡലത്തിന്റെ നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. വിദ്യാഭ്യാസം, കാർഷികം, സാംസ്കാരികം തുടങ്ങി എല്ലാ മേഖലകളിലും സുസ്ഥിരമായ ഒരു വികസനമാണ് ഈ സർക്കാർ കാഴ്ചവച്ചിരിക്കുന്നത്. 2025 നവംബർ മാസത്തോടുകൂടി കേരളത്തിൽ അതി ദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ ഉണ്ടാവുകയില്ല. അതിനുവേണ്ടിയുള്ള തീവ്രമായ ശ്രമത്തിലാണ് സർക്കാർ. കാർഷിക രംഗത്തും കേരളം മികച്ച പുരോഗതിയാണ് കാഴ്ചവച്ചിരിക്കുന്നത് പച്ചക്കറി കൃഷി വളരെയധികം വർദ്ധിച്ചു. പാൽ ഉൽപാദന മേഖലയിൽ കേരളം കൈവരിച്ചിരിക്കുന്ന നേട്ടം അൽഭുതാവഹമാണ്. വരും വർഷങ്ങളിൽ കേരളം പാലുൽപാദനത്തിൽ സ്വയം പര്യാപ്തത നേടും. മൃഗസംരക്ഷണ മേഖലകളിൽ വളരെയധികം ഊന്നൽ ഈ സർക്കാർ നൽകുന്നുണ്ട്. വെറ്ററിനറി ആംബുലൻസിന്റെ സേവനം ഇപ്പോൾ 29 ബ്ലോക്ക് പഞ്ചായത്തുകളിൽ ലഭ്യമാക്കി. ഇത് 152 ബ്ലോക്കുകളിലും കൊണ്ടുവരും.

3. ഓണാട്ടുകരയുടെ കാർഷികഭൂപടത്തിൽ ഏറ്റവും പ്രാധാന്യമേറിയ വിളയാണ് എള്ള്. ഓണാട്ടുകര പ്രദേശത്തെ 5 ഇനങ്ങളായ കായംകുളം- 1, തിലതാര, തിലറാണി, തിലക്, ആയാളി എന്നിവയ്ക്ക് ഭാരത സർക്കാറിന്റെ ഭൗമസൂചിക ലഭിച്ചിരിക്കുകയാണ് . ഈ വിളയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, ഉത്പ്പാദനം കൂട്ടുന്നതിനും, അതുവഴി മൂല്യ വർദ്ധിത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സർക്കാർ അനുമതി ലഭിച്ചിരിക്കുകയാണ്. വൃശ്ചികമാസത്തിൽ ഈ കൃഷി ആരംഭിക്കേണ്ടതാണ് ആയതിനാൽ താത്പ്പര്യമുള്ള കർഷകർ അതാതു പ്രദേശത്തെ കൃഷി ഭവനുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത് കൃഷി

ആരംഭിക്കേണ്ടതാണ്. കർഷകർക്കു കൈത്താങ്ങായി വിത്തും, കൂലിച്ചെലവും നൽകുന്നുണ്ട് . കൂടാതെ ഉത്പ്പാദിപ്പിക്കുന്ന എള്ള് കർഷകർക്ക് ന്യായവില നൽകി ഓണാട്ടുകര വികസന ഏജൻസി സംഭരിക്കുന്നതാണ്. കായംകുളം മേഖലാ കാർഷിക ഗവേഷണ കേന്ദ്രവും, ഓണാട്ടുകര വികസന ഏജൻസിയും കർഷകർക്ക് സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതാണ്.

4. ഉത്തരമേഖല കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്, 2024 ജനുവരി 4 മുതൽ 14 വരെ നടത്താൻ തീരുമാനിച്ചിരിക്കുന്ന ' RARS ഫാം കാർണിവൽ 2024' ലേക്ക് കൃഷി, കൃഷി-അനുബന്ധ മേഖലകൾ, കാർഷിക- കുടിൽ വ്യവസായ മേഖലകൾ, കർഷകരുടെ ഉൽപ്പന്ന വിപണനം എന്നിവയുടെ സ്റ്റാൾ നടത്തിപ്പിനായി താല്പര്യ പത്രം ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 7558813523 / 7306234758 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെട്ട ശേഷം അപേക്ഷ പൂരിപ്പിച്ച് pranavsuresh1996@gmail.com എന്ന ഇ മെയിൽ ലേക്ക് അയക്കുകയോ / നമ്പറിലേക്ക് വാട്സ് ആപ്പ് ചെയ്യുകയോ വേണം. അയക്കേണ്ട അവസാന തീയതി 11.12.2023 വൈകുന്നേരം 04.00 മണി.

5. കേരള സംസ്ഥാന കശുമാവ് കൃഷിവികസന ഏജൻസിയിൽ വടക്കൻ ജില്ലകളുടെ കോ-ഓർഡിനേറ്റർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമനത്തിനുള്ള വാക് ഇൻ ഇന്റർവ്യൂ 2023 നവംബർ 30ന് ഉച്ചയ്ക്ക് 2 മണിക്കു കൊല്ലം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടക്കും. കൃഷിയോ, കൃഷിയുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളിലോ കുറഞ്ഞത് 10 വർഷം പ്രവൃത്തിപരിചയമുള്ള സൂപ്പർവൈസറി കേഡറിൽ ജോലി ചെയ്ത ബിരുദധാരികളെയാണ് നിയമിക്കുന്നത്. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുമായി ഹാജരാകണം. വിശദ വിവരങ്ങൾക്ക് 0474 2760456 എന്ന ഫോൺ നമ്പരിലോ www.kasumavukrishi.org എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

6. ദേശീയ ക്ഷീരദിനത്തോടനുബന്ധിച്ച് അമൂലും പൂക്കോട് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയിലെ കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജിയും ചേർന്ന് ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കായി സംസ്ഥാനതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ക്ഷീര-ഭക്ഷ്യമേഖലയിൽ നിന്നുള്ള വിഷയങ്ങൾ അധികരിച്ചാണ് ക്വിസ് നടത്തുക. നവംബർ 30-ന് കേരള

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ വെച്ചാണ് മത്സരം. രണ്ട് പേർ അടങ്ങുന്ന ടീം ആയിട്ട് ആണ് മത്സരാർത്ഥികൾ പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ ലിങ്ക്: https://forms.gle/QpNiNWDznkv5nEG56, ഫോൺ: 9207429765

7. **കൃഷിയിലെ വന്യജീവി നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച്** ഒരു ഹാക്കത്തോൺ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഈ വിഷയത്തെക്കുറിച്ചുള്ള ആശയങ്ങൾ 2023 ഡിസംബർ 5 ന് മുമ്പായി പ്രോഗ്രാ കോർഡിനേറ്റർ, കൃഷി വിജ്ഞാനകേന്ദ്രം, കണ്ണൂർ, കാഞ്ഞിരങ്ങാട് പി. ഒ , തളിപ്പറമ്പ്, കണ്ണൂർ - 670142 എന്ന വിലാസത്തിലോ, 8547675124 എന്ന ഫോൺ നമ്പരിലോ, kvkkannurhack@gmail.com എന്ന ഈ-മെയിൽ വിലാസത്തിലോ അയയ്ക്കാവുന്നതാണ്.

8. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ നാലാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞം സംസ്ഥാനത്ത് 2023 ഡിസംബർ 1-ാം തീയതി മുതൽ ആരംഭിക്കുകയാണ്. 2009 ലെ മൃഗങ്ങൾക്കുള്ള സാംക്രമിക രോഗ നിയന്ത്രണ/നിർമ്മാർജ്ജന ആക്ട് പ്രകാരം കുളമ്പുരോഗ കുത്തിവെയ്പ്പ് എടുക്കേണ്ടത് അനിവാര്യമാണ്. 2025 ഓടുകൂടി കുളമ്പുരോഗം നിയന്ത്രണ വിധേയമാക്കുന്നതിനും 2030 ഓടുകൂടി നിർമ്മാർജ്ജനം ചെയ്യുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതുവഴി മാംസം, പാൽ, തുകൽ, അവയുടെ ഉപഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതിയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. നാല് മാസത്തിന് മുകളിൽ പ്രായമുള്ള പശു/എരുമ വർഗ്ഗത്തിലുള്ള ഉരുക്കൾക്കാണ് കുത്തിവയ്പ്പ് നൽകുന്നത്. (അവസാന മൂന്ന് മാസം ഗർഭാവസ്ഥയിലുള്ളവ/അസുഖമുള്ളവ/നാല് മാസത്തിന് താഴെ പ്രായമുള്ള കിടാങ്ങൾ എന്നിവയെ ഒഴിവാക്കും). വാക്സിനേഷൻ യജ്ഞം വിജയിപ്പിക്കുന്നതിന് സംസ്ഥാനം പൂർണ്ണമായും സജ്ജമാണ്. എല്ലാ കർഷകരും ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തി സ്വന്തം ഉരുക്കളെ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കേണ്ടതാണ്.

## പരിശീലന പരിപാടി

9. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം ഡിസംബർ 01-ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തുന്നു. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405, എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ https://training.rubberboard.org.in എന്ന ഈ- മെയിലിലോ ബന്ധപ്പെടുക.

10. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് "കാട വളർത്തൽ" എന്ന വിഷയത്തിൽ ഈ മാസം 30ന് (30.11.2023) രാവിലെ 10 മണി മുതൽ 1 മണി വരെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

11. മലപ്പുറം ജില്ലയിലെ ആതവനാട് മൃഗസംരക്ഷണപരിശീലനകേന്ദ്രത്തിൽ വച്ച് നവംബർ- 29 ന് "തീറ്റപ്പുല് കൃഷിയും സൈലേജ് നിർമ്മാണവും" എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പ്പര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം